I. ഇ.ബി. XV-കേരള നിയമസഭ/XIII-15

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. ശ്രദ്ധ ക്ഷണിക്കൽ

(1) ഖാദി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. കെ. പി. മോഹനൻ: ഖാദി തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, വസ്ത്രങ്ങൾക്കുള്ള റിബേറ്റ്, നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും നൽകുന്ന ഉൽപാദന ബോണസ്, ഉത്സവബത്ത എന്നിവ യഥാസമയം നൽകുന്നതിനും ആധുനിക നെയ്ത്തുയന്ത്രങ്ങൾ ലഭ്യമാക്കി

പുതുതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കണ്ണവം, മുതിയങ്ങ നെയ്ത്തുകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും സർക്കാർ ജീവനക്കാരും അധ്യാപകരും എം.എൽ.എ.-മാരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കുന്നത് നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഖാദി മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഖാദി വസ്ത്രങ്ങളുടെ വിൽപനയ്ക്ക് വിദേശത്ത് അവസരം ലഭ്യമാക്കുകയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ചുകൊണ്ട് പുതിയ ഡിസൈനിൽ ഖാദി ഉൽപന്നങ്ങൾ വിപണിയിലിറക്കുകയും ചെയ്തിട്ടുണ്ട്. ഖാദി ഉൽപന്നങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി. മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ചർക്കകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. ചെന്നൈയുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. സ്ലൈവർ ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ഏറ്റുക്കുടുക്ക പരുത്തി സംസ്കരണ കേന്ദ്രം നവീകരിക്കാൻ ഫണ്ട് അനുവദിക്കുകയും ചെയ്തു. ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 119,80,79,000/-രൂപയും ഇൻസെന്റീവ് ഇനത്തിൽ 13,76,57,000

രൂപയും വിതരണം ചെയ്തിട്ടുണ്ട്. 30 ശതമാനം വരെ റിബേറ്റ് നൽകി ഖാദി മേളകൾ സംഘടിപ്പിക്കുന്നുണ്ട്. ഖാദി പ്രചാരണത്തിന്റെ ഭാഗമായി എം.എൽ.എ.-മാരും അധ്യാപകരും സർക്കാർ ജീവനക്കാരും ബുധനാഴ്ച ഖാദി വസ്ത്രം ധരിക്കണമെന്ന ഉത്തരവ് നിലവിലുണ്ട്. കണ്ണവം, മുതിയങ്ങ നെയ്ത്തുകേന്ദ്രങ്ങളുടെ നവീകരണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം വെട്ടിക്കുറച്ചുകൊണ്ട് പുന:ക്രമീകരണം നടത്തുന്നത് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കും. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമ പദ്ധതികൾക്ക് നൽകേണ്ട വിഹിതം പൂർണ്ണമായും നൽകുന്നതിനും എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികളുടെ ബില്ലുകൾ സമയബന്ധിതമായി മാറുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം മുതൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 26 ശതമാനം വികസന ഫണ്ടായി

നൽകുകയും അത് 30 ശതമാനം ആകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ 0.5 ശതമാനം വീതം വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടായി പദ്ധതി അടങ്കലിന്റെ 27.5 ശതമാനം വകയിരുത്തുകയും ആയതിന്റെ മൂന്ന് ഗഡുക്കൾ നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം 5714.72 കോടി രൂപയും കേന്ദ്ര സർക്കാരിൽനിന്ന് 1334 കോടി രൂപയും കെ.എസ്.ഡബ്ല്യൂ.എം.പി.-യുടെ ഭാഗമായി 14.69 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റായി 4132.79 കോടി രൂപയും ഇ.പി.എഫ്. ആയി 2315.63 കോടി രൂപയും പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുകയും അതിന്റെ 82.78 ശതമാനം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം സ്പിൽ ഓവറായ ബില്ലുകൾക്കുള്ള തുക നടപ്പ് സാമ്പത്തികവർഷത്തെ ഫണ്ടിൽനിന്നും ചെലവഴിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ഫണ്ടിൽ കുറവ് വരുത്തിയിട്ടില്ല.

## II സബ്മിഷൻ

### (1) റേഷൻ കാർഡ് മസ്റ്ററിങ്

ശ്രീ. ഡി. കെ. മുരളി: റേഷൻ കാർഡ് മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട്

നിലനിൽക്കുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): റേഷൻ കാർഡ് മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് എൻ.ആർ.കെ. സ്റ്റാറ്റസ് രേഖപ്പെടുത്തുന്നതിൽ സംഭവിച്ചിട്ടുള്ള പിഴവുകൾ പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിങ്ങിന് വിധേയരാകാത്തവർക്ക് മാർച്ച് 31-നുശേഷം ഭക്ഷ്യധാന്യങ്ങൾ നൽകില്ലെന്ന കേന്ദ്ര സർക്കാരിന്റെ കർശന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 2024 സെപ്തംബർ 18-ന് ആരംഭിച്ച മസ്റ്ററിങ്ങ് നടപടി നിലവിൽ അന്തിമഘട്ടത്തിലാണ്.

(2) ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കൽ

ശ്രീ. ആന്റണി ജോൺ: കോതമംഗലം നിയോജകമണ്ഡലത്തിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): ഇരുമല്ലൂർ വില്ലേജിലെ ഭൂമിയുടെയും അതിർത്തി പങ്കിടുന്ന വില്ലേജുകളിലെ ഭൂമിയുടെയും ന്യായവിലകൾ തമ്മിൽ അന്തരമുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് ഇരമല്ലൂർ വില്ലേജിലെ

ഭൂമിക്ക് 2010-ൽ നിശ്ചയിച്ച ഫെയർവാല്യുവിന് പകരം പുതുക്കിയ ഫെയർവാല്യു നിർണ്ണയിച്ചിട്ടുള്ളതും ഇത് സമീപ വില്ലേജുകളിലെ ഭൂമിയുടെ ന്യായവിലയുമായി യോജിച്ചുവരുന്നതുമാണ്. 5 വർഷത്തിലൊരിക്കൽ ന്യായവില പുതുക്കി നിശ്ചയിക്കാനുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം വിനിയോഗിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ന്യായവില പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) ഏനാദിമംഗലം ബയോമെഡിക്കൽ സംസ്കരണ പ്ലാന്റ്

ശ്രീ. കെ. യു. ജനീഷ് കുമാർ: ഏനാദിമംഗലം എളമണ്ണൂർ കിൻഫ്ര വ്യവസായ പാർക്കിൽ ബയോമെഡിക്കൽ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പുനർചിന്തനം നടത്തണം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ കിൻഫ്ര വ്യവസായ പാർക്കിൽ ഐ.എം.എ.-യുടെ നേതൃത്വത്തിൽ ബയോമെഡിക്കൽ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റി നടത്തിയ പബ്ലിക് ഹിയറിങ്ങിൽ ജനപ്രതിനിധികളും മറ്റ് സംരംഭകരും ആശങ്ക അറിയിച്ചിരുന്നു. അവിടെ നിലവിലുള്ള ഫുഡ് പ്രോസസിങ് യൂണിറ്റിന്റെ മാനദണ്ഡങ്ങൾക്കെതിരായി

ബയോമെഡിക്കൽ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല.

## (4) കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തികയിലെ ജാതി വിവേചനം

ശ്രീ. എ. പി. അനിൽകുമാർ: കൂടൽമാണിക്യം ക്ഷേത്രത്തിൽ കഴകം തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരനെ ജാതി വിവേചനത്തിന്റെ പേരിൽ സ്ഥലംമാറ്റിയത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കൂടൽമാണിക്യം ക്ഷേത്രത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമിതനായ ശ്രീ. ബാലു ബി. എ. കഴകം ജോലി ചെയ്യുന്നതിൽ തന്ത്രിമാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ ആക്റ്റ് പ്രകാരം നിയമിതനായ വ്യക്തി തന്നെ അവിടെ നിഷ്കർഷിക്കുന്ന ജോലി നിർവഹിക്കണമെന്നതാണ് സർക്കാർ നിലപാട്. ഇതനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിന് കൂടൽ മാണിക്യം ദേവസ്വം ചെയർമാനും മുന്നോട്ടുവന്നിട്ടുണ്ട്. ജീവനക്കാരനെ സ്ഥലംമാറ്റിയ അഡ്മിനിസ്ട്രേറ്റർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പിന് നിർദേശം നൽകിയിട്ടുമുണ്ട്.

(5) കൊട്ടിയൂർ-അമ്പായത്തോട് പാത നിർമ്മാണം

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന കൊട്ടിയൂർ-അമ്പായത്തോട് ചുരംരഹിതപാത നിർമ്മാണത്തിനുള്ള വനഭൂമി ലഭ്യമാക്കുന്നതിനും പ്രസ്തുത പാത യാഥാർഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കണ്ണൂർ-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന കൊട്ടിയൂർ-അമ്പായത്തോട് ചുരംരഹിതപാത നിർമ്മാണത്തിനുള്ള സാധ്യത സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പും കിഫ്ബിയും പരിശോധന നടത്തി മുതിർന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വനഭൂമി ആവശ്യമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. പ്രസ്തുത പാത യാഥാർഥ്യമാക്കുന്നതിനായി വനം വകുപ്പിന്റെ സഹായം തേടുന്നതാണ്.

(6) തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: മങ്കട നിയോജകമണ്ഡലത്തിലെ തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാൻ

നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മങ്കട നിയോജകമണ്ഡലത്തിൽ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിലുൾപ്പെടുത്തി പരിപാലിച്ചുവരുന്ന തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകളുടെ നവീകരണ പ്രവൃത്തിക്ക് 36 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ബി.എം.ആൻഡ് ബി.സി. നിലവാരത്തിൽ റോഡുകൾ നവീകരിക്കാനാകുമോ എന്ന കാര്യം പരിശോധിക്കാം.

(7) നിള-പട്ടാമ്പി-ഐ.പി.റ്റി.-കുളപ്പുള്ളി റെയിൽവേ മേൽപ്പാലം

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി നിയോജകമണ്ഡലത്തിലെ വാടാനക്കുറിശ്ശി മേൽപ്പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കരാറുകാരനെതിരെ കർശന നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പട്ടാമ്പി നിയോജകമണ്ഡലത്തിൽ 'ലെവൽ ക്രോസ്സില്ലാത്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ വാടാനക്കുറിശ്ശി

റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 15 സ്പാനുകളുടെ സ്ലാബ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ഭാഗമായി റീട്ടെയിനിങ് വാൾ, സർവീസ് റോഡ് എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റെയിൽവേ നേരിട്ട് നടത്തുന്ന പോർഷന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. റെയിൽവേ സ്പാനിന്റെ വർക്കുകൾ മാർച്ച് മാസത്തോടെ പൂർത്തിയാക്കാനും മേൽപ്പാലം ഏപ്രിൽ മാസത്തിൽ ഗതാഗതത്തിനായി തുറന്നുകൊടുക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കരാറുകാരന്റെ വിഷയത്തിൽ ഇടപെടൽ നടത്തുന്നതാണ്.

(8) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനുള്ള സാങ്കേതികതടസ്സങ്ങൾ നീക്കി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): പാലക്കാട് മെഡിക്കൽ കോളേജിന്റെ ഡി.പി.ആർ.-ൽ

ഉൾപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021 മുതൽ ഒ.പി. സൗകര്യം ആരംഭിച്ചിട്ടുണ്ട്. 2024 മാർച്ച് 12 മുതൽ പണിപൂർത്തീകരിച്ച ഹോസ്പിറ്റൽ വാർഡ് ബ്ലോക്കിൽ ഐ.പി. സൗകര്യവും സജ്ജീകരിച്ചിട്ടുണ്ട്. ഫയർ എൻ.ഒ.സി. ലഭ്യമായതോടുകൂടി അത്യാഹിത വിഭാഗം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. 13 ഡിപ്പാർട്ടുമെന്റുകൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഐ.സി.യു., ഓപ്പറേഷൻ തീയേറ്റർ എന്നിവ സജ്ജമാക്കുകയും ലാബോറട്ടി, ഫാർമസി എന്നിവ 24 മണിക്കൂറും പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. മെഡിക്കൽ കേളേജിനോടനുബന്ധിച്ച് കഴിഞ്ഞവർഷം നഴ്സിങ് കോളേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാല് ഡിപ്പാർട്ടുമെന്റുകളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുകയും ആറ് പി.ജി. കോഴ്സുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയുമാണ്.

## III. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## IV. റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തി രണ്ട് മുതൽ എൺപത് വരെയുള്ള റിപ്പോർട്ടുകൾ.

## V അറിയിപ്പ്

<u>കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിലെ ഭേദഗതി</u>

2025 ഫെബ്രുവരി 13-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 16-ാമത് റിപ്പോർട്ടുകളിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് 2025 മാർച്ച് 19, 20 തീയതികളിൽ സഭ പരിഗണിക്കാൻ തീരുമാനിച്ചിരുന്ന ബിസിനസ്സുകൾ പരസ്പരം മാറ്റിയിരിക്കുന്നതായി അറിയിക്കുന്നു.

## VI ധനകാര്യം

<u>2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ</u>
<u>ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXVII - സഹകരണം
(584,25,47,000 രൂപ)

ധനാഭ്യർഥന നമ്പർ XL - തുറമുഖങ്ങൾ
(161,80,15,000 രൂപ)

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXIX - കൃഷി
(3596,38,25,000 രൂപ)

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXIV - വനം
(918,92,90,000 രൂപ)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ
(2062,30,11,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയിൽ ജാതി വ്യവസ്ഥയും അന്ധവിശ്വാസവും തിരികെ വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ അബ്രാഹ്മണ ശാന്തി നിയമനം നടത്തിക്കൊണ്ട് കേരളം രാജ്യത്ത് പുതിയൊരു ചരിത്രം സൃഷ്ടിച്ചു.

കൂടൽമാണിക്യം ക്ഷേത്രത്തിലെ ജാതിവിവേചനത്തിനെതിരെ കേരളം ഒറ്റക്കെട്ടായി നിലകൊള്ളണം. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ വികസനത്തിനും കരുതലിനും ക്ഷേമപ്രവർത്തനങ്ങൾക്കും ഒരേസമയം ഊന്നൽ നൽകുന്നവയാണ്. വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ മുഴുവൻ വായ്പയും കേരള ബാങ്ക് എഴുതിത്തള്ളിയിട്ടുണ്ട്. സഹകരണ റിസ്ക് ഫണ്ട്, സഹകരണ അംഗസമാശ്വാസ നിധി എന്നീ പദ്ധതികളിലൂടെ ആയിരക്കണക്കിന് ദുരിതബാധിതർക്ക് ആശ്വാസം നൽകാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞു. വ്യവസായ സൗഹൃദ റാങ്കിങ്ങിൽ കേരളം ഒന്നാമതാണെന്നുള്ളതും കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ 1.75 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമുണ്ടായതും എം.എസ്.എം.ഇ. മേഖലയിൽ ബെസ്റ്റ് പ്രാക്ടീസായി സംരംഭക വർഷം പദ്ധതി ദേശീയതലത്തിൽ തിരഞ്ഞെടുത്തതും അഭിമാനകരമാണ്. നിർദിഷ്ട കാലാവധിക്കുള്ളിൽ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കിയത് സർക്കാരിന്റെ നേട്ടമാണ്. വികസന പദ്ധതികളെ അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ശ്രീ. എ. പി. അനിൽകുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള നടപടിയുണ്ടാകണം. പരമ്പരാഗത

വ്യവസായങ്ങളടക്കം സമസ്ത മേഖലകളും പ്രതിസന്ധിയിലായിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരിക്കുന്നു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് ധനസഹായം നൽകുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കിയിട്ടില്ല.

<u>ശ്രീ. പി. എസ്. സുപാൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിച്ചത് സർക്കാരിന്റെ വികസന നേട്ടമാണ്. വ്യവസായ രംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയതും എടുത്തുപറയത്തക്കതാണ്. ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ ഭാഗമായി വൻ നിക്ഷേപമുണ്ടാകാൻ പോകുന്നുവെന്നത് അഭിമാനകരമാണ്. പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി പ്രഖ്യാപിച്ച പാക്കേജും തോട്ടം മേഖലയിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതിയും സമയബന്ധിതമായി നടപ്പാക്കണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ കർഷകരെയും കൃഷിയെയും പ്രതികൂലമായി ബാധിക്കുന്നതാണ്. നെൽകൃഷി വികസനത്തിന് സംസ്ഥാന ബജറ്റിൽ പ്രത്യേക പദ്ധതി പ്രഖ്യാപിക്കുകയും കേരളത്തെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബാക്കി മാറ്റുന്നതിന് 30 കോടി രൂപ വകയിരുത്തുകയും ചെയ്തത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ സമഗ്ര കാർഷിക

വികസനത്തിനായി 'കേര' പദ്ധതി നടപ്പാക്കുന്നുണ്ട്. ബഫർസോൺ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടുകൾക്ക് സുപ്രീം കോടതിയുടെ അംഗീകാരം ലഭിച്ചത് അഭിമാനാർഹമാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർധിക്കുന്നത് ആശങ്കപ്പെടുത്തുന്നതാണ്. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് അത്യാവശ്യമാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് ഗുണ്ടകൾ സ്വൈരവിഹാരം നടത്തുകയാണ്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ വേണ്ടത്ര ഫലപ്രദമല്ല. വന്യജീവി ആക്രമണംമൂലമുള്ള കൃഷി നാശത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുകയുടെ 10 ശതമാനംപോലും കർഷകർക്ക് നൽകുന്നില്ല. മലപ്പുറം ജില്ലയിലുള്ളവർക്ക് ഗൺ ലൈസൻസ് പുതുക്കി നൽകാത്തത് അപലപനീയമാണ്. വന്യജീവി ആക്രമണവും വനം കൈയേറ്റവും തടയാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. കൃഷിഭൂമി 39500 ഹെക്ടറായി കുറയുകയും നാളികേര ഉൽപാദനത്തിൽ കേരളം രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുകയും ചെയ്തിരിക്കുകയാണ്. ഗുണമേന്മയില്ലാത്ത വിത്തിനങ്ങളാണ് കർഷകർക്ക് നൽകുന്നത്. കാർഷിക കടാശ്വാസ

കമ്മീഷൻ ശിപാർശ ചെയ്ത ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷാമകാലത്തും ജനക്ഷേമ ബജറ്റ് അവതരിപ്പിച്ച സർക്കാരാണിത്. നീതി ആയോഗിന്റെ രേഖകൾ പ്രകാരം രാജ്യത്ത് മികച്ച ഭരണം നടക്കുന്ന സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടതും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ മികച്ച സ്ഥാനത്തെത്തിയതും ആരോഗ്യ-പൊതുവിദ്യാഭ്യാസ മേഖലയിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. വനമേഖലയിലെ കൃഷിയിടങ്ങൾ വെട്ടിത്തെളിച്ച് കൃഷിയും കാർഷികാധിഷ്ഠിത വ്യവസായങ്ങളും നടത്തി ഉൽപന്നങ്ങൾ തുറമുഖങ്ങളിൽ എത്തിച്ച് വിപണി കണ്ടെത്തുന്നത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകും. ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി കേരളത്തിന്റെ വ്യവസായ മേഖലയുടെ കുതിപ്പിന് ഊർജം നൽകുന്നതാണ്. സഹകരണ മേഖല സമാനതകളില്ലാത്ത മുന്നേറ്റമാണുണ്ടാക്കിയിരിക്കുന്നത്. 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്ന പദ്ധതിയിലൂടെ കേരളത്തെ കാർഷിക സമൃദ്ധിയിലേക്ക് നയിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. റബ്ബർ വിലസ്ഥിരതാ ഫണ്ട് അടക്കമുള്ള ആവശ്യങ്ങൾ അംഗീകരിക്കപ്പെടണം. ഭൂനികുതി വർധനവ് പിൻവലിക്കണം. 1972-ലെ കേന്ദ്ര വന്യജീവി

സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. മലയോര മേഖലയിലെ ബഫർ സോൺ വിഷയം ജനങ്ങളെ ദുരിതത്തിലാക്കുന്നതാണ്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. ആന്റണി ജോൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യേണ്ടതിന്റെയും സംരക്ഷിക്കപ്പെടേണ്ട വന്യമൃഗങ്ങളുടെ പട്ടിക പുനഃക്രമീകരിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ കേരളത്തിൽനിന്നുള്ള എം.പി.-മാർ തയ്യാറാകണം.

ഡോ. സുജിത് വിജയൻപിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വികസനോന്മുഖ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ചവറ നിയോജകമണ്ഡലത്തിലെ ചിറ്റൂർ-പന്മന പ്രദേശത്തെ നിക്ഷേപ വ്യാപാര മേഖലയായി വികസിപ്പിക്കുകയും നീണ്ടകര മാരിടൈം അക്കാദമിയുടെ

നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും വേണം. കെ.എം.എം.എൽ.-ഉം ആയി ബന്ധപ്പെട്ട് മോണോസൈറ്റ് പ്ലാന്റ് സ്ഥാപിക്കുന്ന നടപടി വേഗത്തിലാക്കണം. മൈനിങ് എരിയ വെൽഫെയർ ബോർഡ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനായതും കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞതും സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനുതകുന്ന പദ്ധതികളാവിഷ്കരിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. വന്യമൃഗശല്യം തടയുന്നതിന് ഫലപ്രദമായ മാർഗങ്ങളവലംബിക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നെല്ല്, നാളികേരം, റബ്ബർ എന്നിവയുടെ സംഭരണവുമായി ബന്ധപ്പെട്ട് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ സർക്കാരിനായിട്ടില്ല. നാളികേര സംഭരണത്തിനുള്ള സംസ്ഥാന വിഹിതം

കൊടുത്തുതീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നെല്ലിന്റെ സംഭരണ വില വർധിപ്പിക്കാനും ഭൂമി തരംമാറ്റാൻ ഈടാക്കുന്ന ഫീസ് കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് സ്വരൂപിക്കാനും വെറ്റില കർഷകരെ സഹായിക്കാൻ മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാനും നടപടി സ്വീകരിക്കണം. സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് പരിഹരിക്കുന്നതിൽനിന്നും മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിനെ ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കണം. അപകടകാരികളായ വന്യമൃഗങ്ങളെ വെടിച്ചുവച്ചുകൊല്ലാനുള്ള നിയമം കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകണം.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കൃഷിഭൂമിയുടെ വിസ്തൃതിയും ഉൽപാദനക്ഷമതയും വർധിപ്പിച്ചതിലൂടെ കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്താനായിട്ടുണ്ട്. നെൽവില കൂടുതൽ നൽകുന്ന സംസ്ഥാനം കേരളമാണ്. സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി സുതാര്യമാക്കിയതിലൂടെ സംരംഭകരുടെ എണ്ണം വർധിപ്പിക്കാനായിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണം ഉൾപ്പെടെ കാലോചിതമായ മാറ്റങ്ങളിലൂടെ മുന്നോട്ടുപോകുന്ന സഹകരണ മേഖല ലോകത്തിനുതന്നെ മാതൃകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് പിന്തുണ നൽകുന്ന സഹകരണ മേഖലയെ

കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. പവർകട്ടില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാൻ നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. പ്രതിരോധ പ്രവർത്തനങ്ങൾ വർധിപ്പിച്ചതിലൂടെ വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ എണ്ണത്തിൽ കുറവ് വരുത്താനായത് സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. എ. രാജ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ മേഖലയിൽ സ്റ്റാർട്ടപ്പുകളുടെയും സംരംഭകരുടെയും എണ്ണം വർധിപ്പിച്ചതും വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയതും സാങ്കേതികവിദ്യയിലെ വളർച്ചയും സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. വ്യവസായവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചതും വ്യവസായപുരോഗതി നേടിയ ഒന്നാമത്തെ സംസ്ഥാനമായി കേരളം മാറിയതും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് അനുമതി നേടാനായതും സ്വാഗതാർഹമാണ്. വന്യമൃഗ ആക്രണം തടയുന്നതിന് വനംവകുപ്പ് നടത്തുന്ന നടപടികൾ ശ്ലാഘനീയമാണ്. അപകടകാരികളായ വന്യജീവികളെ വെർമിനായി പ്രഖ്യാപിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് നൽകുന്ന വിധത്തിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ കേന്ദ്ര ഗവൺമെന്റിൽ

സമ്മർദം ചെലുത്തണം. ദേവികുളം മണ്ഡലത്തിലെ വനവിസ്തൃതി വർധിപ്പിക്കുന്നതിനുള്ള വിജ്ഞാപനം പുനഃപരിശോധിക്കണം. വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നൽകുന്ന സഹായധനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. ആൻസലൻ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കുന്ന നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സഹകരണ ബാങ്കുകളെ കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ പ്രശംസനീയമാണ്. കാർഷികോൽപാദന മേഖലയിൽ വലിയ പുരോഗതി കൈവരിക്കാൻ ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണം, ജലവിഭവം, കൃഷി എന്നീ വകുപ്പുകൾ സംയുക്തമായി സംസ്ഥാനത്തുടനീളമുള്ള ചെറിയ കുളങ്ങളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും ശേഖരിച്ച് ലേലം ചെയ്യുന്നതിനും ആ തുക ഉപയോഗിച്ച് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. തെങ്ങുകൾക്കുണ്ടാകുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിനും റവന്യൂ പുറമ്പോക്കിൽ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പുതിയ സംരംഭങ്ങൾ

വരുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ മേഖല വലിയ മുന്നേറ്റം കൈവരിക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസന സാധ്യതയുള്ള സ്ഥലങ്ങളുടെ പട്ടികയിൽ നെയ്യാറ്റിൻകരയിലെ സമീപപ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതി രൂപീകരണത്തിലും വികസന പ്രവർത്തനങ്ങൾക്ക് പണം അനുവദിക്കുന്ന കാര്യത്തിലും പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളോട് വിവേചനപരമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. രൂക്ഷമായ വന്യമൃഗശല്യം അവസാനിപ്പിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദം ചെലുത്താനും സർക്കാർ തയ്യാറാകണം. കോടതി ഉത്തരവുകൾപോലും വകവയ്ക്കാതെ സഹകരണ മേഖലയെ തകർക്കുന്ന ജനാധിപത്യവിരുദ്ധ നിലപാടുകളാണ് ഇടതുപക്ഷ ഗവൺമെന്റ് കൈക്കൊള്ളുന്നത്. കേരള സഹകരണ ചട്ടത്തിലെ പുതിയ ഭേദഗതിക്കായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പിൻവലിക്കാൻ തയ്യാറാകണം.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കുതകുന്ന മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സംസ്ഥാനത്തെ സേവന മേഖലയിൽ വലിയ മുന്നേറ്റം കാഴ്ചവയ്ക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വ്യാവസായിക-കാർഷിക രംഗങ്ങളിൽ വലിയ കുതിച്ചുചാട്ടമാണ് ഇക്കാലയളവിൽ നടത്തിയിട്ടുള്ളത്. തരിശുരഹിത കേരളം പദ്ധതി പ്രകാരം കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 2500 ഹെക്ടർ സ്ഥലത്ത് പുതുതായി കൃഷിയിറക്കാൻ സാധിച്ചിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും 1278 കോടി രൂപയാണ് ലഭിക്കാനുള്ളത്. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ നെല്ലുൽപാദിപ്പിക്കുന്ന കൊയിലാണ്ടി, വടകര താലൂക്കുകളിൽ വെള്ളക്കെട്ട് ഒഴിവാക്കാനും കൃഷിഭൂമി പൂർണ്ണമായും തരിശുരഹിതമാക്കാനുതകുന്ന പദ്ധതിക്ക് രൂപം നൽകാനും നടപടിയുണ്ടാകണം. 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സമഗ്ര കാർഷിക വികസനത്തിനായി രൂപീകരിച്ച പ്രത്യേക പദ്ധതിക്ക് ലോക ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇന്തോ-ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി പച്ചക്കറി-പുഷ്പ വിളകളുടെ ഒരു മികവിന്റെ കേന്ദ്രം വയനാട് ജില്ലയിലെ

അമ്പലവയലിൽ പ്രവർത്തനമാരംഭിച്ചത് സ്വാഗതാർഹമാണ്. എല്ലാ കൃഷിഭവനുകളും സ്മാർട്ടാക്കാനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടത്തിവരികയാണ്. കൃഷിക്കാരുടെ ദൈനംദിന വരുമാനം വർധിപ്പിക്കാൻ നൂതനമായ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കണം.

ശ്രീ. എം. എം. മണി: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പിന്തുടരുന്ന ജനക്ഷേമ പരിപാടികളുടെയും ജനോപകാരപ്രദമായ നയപരിപാടിയുടെയും വ്യക്തമായ രൂപരേഖയാണ് ബജറ്റിലൂടനീളം പ്രതിഫലിക്കുന്നത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ആത്മവിശ്വാസം പകരുന്ന ഭരണമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

ശ്രീ. തോമസ് കെ. തോമസ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കുട്ടനാട് നിയോജകമണ്ഡലത്തിലെ തകഴി റൈസ് മിൽ പ്രാവർത്തികമാക്കുകയും സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം. കുട്ടനാട്ടിലെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധി തരണംചെയ്യാൻ പ്രത്യേക പാക്കേജ് അനുവദിക്കുകയും നെൽകർഷകർ നേരിടുന്ന ചൂഷണമൊഴിവാക്കാൻ ഏജന്റുമാരെ ഒഴിവാക്കി നെല്ല് നേരിട്ട് സംഭരിക്കാൻ സംവിധാനമേർപ്പെടുത്തുകയും വേണം.

കുട്ടനാട്ടിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചുചേർക്കണം. കർഷക തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും കെൽ-ൽനിന്നും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനമാണ് നടന്നുവരുന്നത്. ആനയറയിൽ കൃഷി വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൃഷി സമൃദ്ധി പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചതും കാർഷിക മേഖലയിൽ രണ്ടുലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതും 56 കൃഷി ഭവനുകളെ സ്മാർട്ട് ആക്കി മാറ്റിയതും അഭിനന്ദനാർഹമാണ്. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനും കേരകൃഷിയെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. റബ്ബറധിഷ്ഠിത

വ്യവസായങ്ങളുടെ ഹബ്ബായി കേരളത്തെ മാറ്റുന്നതിനും സർക്കാർ ലക്ഷ്യമിട്ടതിനുമപ്പുറം എം.എസ്.എം.ഇ. യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കാനും സാധിച്ചത് പ്രശംസനീയമാണ്. കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്വാളിയോർ റയോൺസ്, കുന്നത്തറ ടെക്സ്റ്റൈൽസ് എന്നിവ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കണം. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. എം.എസ്.എം.ഇ. സംരംഭകർക്ക് വൈദ്യുതി നികുതി ഒഴിവാക്കിയത് സ്വാഗതാർഹമാണ്. കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാടിനോട് യോജിക്കാനാവില്ല. പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കുന്നതിനുവേണ്ടി കോൺക്ലേവ് നടത്താൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി, കഞ്ചിക്കോട് കോച്ച് ഫാക്ടറി എന്നിവയ്ക്കുവേണ്ടി ഏറ്റെടുത്ത ഭൂമി ഫലപ്രദമായി ഉപയോഗിക്കണം. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി കൃഷി നശിപ്പിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ആരംഭിച്ച 'കുട്ടി കൃഷി പദ്ധതി' അഭിമാനാർഹമാണ്. കുണ്ടറയിലെ കെൽ, അലിന്റ്, ട്രാവൻകൂർ കെമിക്കൽസ് പോലുള്ള വ്യവസായ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണത്തിനായി വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കണം. കശുവണ്ടി-കൈത്തറി-ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ലാഭത്തിലാക്കാനും നിക്ഷേപ-വായ്പാ രംഗങ്ങളിൽ വർധനവുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. അൻപതിനായിരം കോടി രൂപയ്ക്ക് മുകളിൽ വായ്പാതുക വർധിപ്പിച്ച് നൽകിക്കൊണ്ട് രാജ്യത്തെ ഒന്നാമത്തെ സഹകരണ ബാങ്കായി കേരള ബാങ്കിന് മാറാൻ സാധിച്ചിട്ടുണ്ട്. ആവശ്യമായ വായ്പകൾ ലഭ്യമാക്കി കാർഷിക-വ്യാവസായിക മേഖലകളുടെ

പുരോഗതി ഉറപ്പാക്കിക്കൊണ്ടാണ് സഹകരണ മേഖല പ്രവർത്തിക്കുന്നത്. കാര്യക്ഷമമായ ഇടപെടലുകളിലൂടെ 12 ടൺ മൂല്യവർധിത ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിഞ്ഞു. സഹകരണ മേഖലയുടെ ഉൽപന്നങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ജില്ലാ കേന്ദ്രങ്ങളിൽ പ്രത്യേക വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് അവ വിപണിയിലെത്തിക്കുകയും ഓൺലൈൻ ബിസിനസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ടീം ആഡിറ്റ് സംവിധാനം ഫലപ്രദമായി നടന്നുവരുന്നുണ്ട്. സഹകരണ മാന്വൽ പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്‌വെയർ നടപ്പാക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ഫെനി നിർമ്മാണത്തിനും ഹോർട്ടികൾച്ചർ ഹബ്ബ് രൂപീകരിക്കാനും നടപടി സ്വീകരിച്ചുവരുന്നു. സഹകരണ എക്സ്പോ തിരുവനന്തപുരത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ വകുപ്പിലെ ഉയർന്ന തസ്തികയിലെ നിയമനങ്ങൾ നടത്താൻ റിക്രൂട്ട്മെന്റ് ബോർഡിനെ ചുമതലപ്പെടുത്തുകയും ഭിന്നശേഷിക്കാർക്കുള്ള സംവരണം 4 ശതമാനമായി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ പേരിൽ വീട് ഒഴിവാക്കിക്കൊണ്ടുള്ള ജപ്തിനടപടികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

പാലക്കാട്, കോട്ടയം ജില്ലകളിലായി രണ്ട് നെല്ല് സംഭരണ-സംസ്കരണ-വിപണന സംഘങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ 600 ഭാഷകളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള 'അക്ഷരമ്യൂസിയം' ഒന്നാംഘട്ടം കോട്ടയത്ത് ആരംഭിച്ചു. 2028-ഓടുകൂടി വിഴിഞ്ഞം തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്ന തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള എഗ്രിമെന്റ് അദാനിയുമായി ഒപ്പുവച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാർഷിക മേഖലയിൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നെല്ലിന്റെ ഉൽപാദനക്ഷമത വർധിപ്പിക്കാനും 7273 കോടി രൂപയുടെ നെല്ല് സംഭരിക്കാനും 269 കോടി രൂപയുടെ ആനുകൂല്യങ്ങൾ കർഷകർക്ക് വിതരണം ചെയ്യാനും 257 കോടിയിലധികം രൂപ നെൽവയലുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് വിനിയോഗിക്കാനും സാധിച്ചിട്ടുണ്ട്. 232 കേര ഗ്രാമങ്ങൾ സൃഷ്ടിക്കാനും ഒരു ഹെക്ടറിൽനിന്ന് 7211 നാളികേരം ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഒരു വർഷത്തിനിടയിൽ 17 ലക്ഷത്തിലധികം ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും 67 ടൺ പച്ചക്കറി വിത്തുകളും 243.45 ലക്ഷം പച്ചക്കറി

തൈകളും 34 ലക്ഷം ഫലവർഗ ഗ്രാഫ്റ്റുകളും വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. കേരള കാർഷിക സർവകലാശാല അത്യുൽപാദനശേഷിയുള്ള 82 ഇനം പച്ചക്കറി വിത്തുകൾ വികസിപ്പിച്ച് വിതരണം ചെയ്യുകയും പച്ചക്കറി തൈകളുടെ ഗുണമേന്മ ഉറപ്പുവരുത്താനായി റോബോട്ടിക്സ് മിഷൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലാദ്യമായി സംസ്ഥാനത്ത് അഗ്രോ ബിസിനസ് കമ്പനിക്ക് തുടക്കം കുറിക്കാനും ആനയറയിൽ എക്സ്പോ സെന്ററിന്റെയും അഗ്രി പാർക്കിന്റെയും നിർമ്മാണം ആരംഭിക്കാനും സാധിച്ചത് അഭിമാനകരമാണ്. മരട്, വേങ്ങേരി, അമ്പലവയൽ, കുമരകം, പിലിക്കോട് എന്നിവിടങ്ങളിൽ എക്സ്പോ സെന്ററും അഗ്രി പാർക്കും സ്ഥാപിക്കുന്നതാണ്. 1076 കൃഷി ഭവനുകളിൽനിന്ന് രണ്ടായിരത്തിലധികം മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. 2026-ഓടുകൂടി നാലായിരത്തിലധികം മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്. മൂല്യവർധിത ഉൽപന്നങ്ങൾ വിൽക്കുന്നതിന് സംസ്ഥാനത്ത് 11 കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 2025 ഏപ്രിൽ മാസത്തിൽ 2365 കോടി രൂപയുടെ 'കേര' (കേരളാ ക്ലൈമറ്റ് റെസിലന്റ് അഗ്രി-വാല്യൂ ചെയിൻ) പദ്ധതി ആരംഭിക്കുന്നതാണ്. കാർഷിക സർവകലാശാല നിരവധി

സാങ്കേതികവിദ്യകൾ വികസിപ്പിച്ച് കൈമാറുകയും 15 ഇനങ്ങൾക്ക് പേറ്റന്റുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക സർവകലാശാല ഡ്യുവൽ ഡിഗ്രി സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കൃഷി ഭവൻ മുതൽ ഡയറക്ടേറ്റ് വരെയുള്ള ഓഫീസുകളും കാർഷിക സർവകലാശാലയും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്. കർഷകർക്ക് സേവനങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് 'കതിർ ആപ്പ് ' കൃഷി ജനകീയമാക്കുന്നതിന് 'ഞങ്ങളും കൃഷിയിലേക്ക്', 'കൃഷി സമൃദ്ധി', 'ഫ്രൂട്ട്സ് ഹബ്ബ്' എന്നീ പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ സാധിച്ചു. 'സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം' നടപ്പാക്കുന്നതിന് ജനകീയ ഇടപെടലുണ്ടാകണം. നിയമതടസ്സങ്ങൾ പരിഹരിച്ച് പഴവർഗ കൃഷി വ്യാപിപ്പിക്കാനാവശ്യമായ ഇടപെടൽ നടത്തും. കൃഷി ഭവനുകളിൽ റാങ്കിങ് സംവിധാനം ഏർപ്പെടുത്തും. 2023-24-ൽ കാർഷിക മേഖലയിൽ 4.65 ശതമാനം വളർച്ച കൈവരിക്കാനായിട്ടുണ്ട്. വെറ്റില കൃഷിക്കായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. SFAC (Small Farmers Agri-Business Consortium) കാർഷിക സർവകലാശാലയുമായി ചേർന്ന് വെറ്റിലയിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ

നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങൾ കാർഷിക സർവകലാശാല നിർദേശിക്കുകയും ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നാളികേര സംഭരണ ഇനത്തിൽ നൽകാനുള്ള കുടിശ്ശികകൾ കൊടുത്തുതീർക്കും. ചർച്ചയിൽ ഉയർന്നുവന്ന ക്രിയാത്മകമായ നിർദേശങ്ങൾ സ്വീകരിക്കാവുന്നതും പിഴവുകൾ പരിഹരിക്കാവുന്നതുമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മലയോര മേഖലയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ സോളാർ വേലിയും സോളാർ തൂക്കുവേലിയും ആന പ്രതിരോധ കിടങ്ങും സ്ഥാപിച്ചിട്ടുണ്ട്. വന്യ ജീവികൾ ജനവാസ കേന്ദ്രങ്ങളിലെത്തുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുപന്നികളെ വെടിവച്ച് കൊല്ലാനുള്ള ഉത്തരവിറക്കാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും അധികാരം നൽകിയിട്ടുണ്ട്. ഇതിനായി ഒരു പഞ്ചായത്തിന് ഒരു വർഷം ഏകദേശം ഒരു ലക്ഷം രൂപ വരെ

വിനിയോഗിക്കാവുന്നതാണ്. മറ്റ് മൃഗങ്ങളെ വെടിവച്ച് കൊല്ലാനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. അതിനായി നിലവിലുള്ള നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ പ്രമേയത്തിന്മേൽ കേന്ദ്ര സർക്കാർ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. വന്യജീവി ആക്രമണംമൂലം ഒരാൾപോലും മരിക്കാനിടയാകരുതെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൂരിലെ സുവോളജിക്കൽ പാർക്ക് അടുത്ത മാസം ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാട്ടാനകളുടെ ചലനം നിരീക്ഷിക്കുന്നതിന് പുൽപ്പള്ളി, കോതമംഗലം, മുള്ളരിങ്ങാട് എന്നിവിടങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും. വടക്കൻ കേരളത്തിൽ സാറ്റലൈറ്റ് ആന പുനരധിവാസ കേന്ദ്രവും പുത്തൂരിൽ ഹെർബിവോർസ് സഫാരി പാർക്കും മറയൂരിൽ സാറ്റലൈറ്റ് ചന്ദന ഡിപ്പോകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ഭൂമിയിലെ ചന്ദനമരം മുറിച്ചുമാറ്റുന്നതിനുള്ള തടസ്സം ഒഴിവാക്കാൻ നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന് പരിശോധിച്ചുവരികയാണ്. ഈ രീതിയിൽ സമഗ്രമായ

പരിഷ്കരണ പരിപാടികളാണ് വനം വകുപ്പ് ലക്ഷ്യമിടുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 18 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരികയാണ്. ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും സഭയിൽ ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. ടെക്സ്റ്റൈൽ മില്ലുകളുടെ വൈദ്യുതി ചാർജിനത്തിൽ 272.20 കോടി രൂപയും സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനുവേണ്ടി 28 കോടി രൂപയും ചെലവഴിച്ചു. കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡുവഴി 24 മാനേജിങ് ഡയറക്ടർമാരെ നിയമിക്കുകയും 100 കാറ്റഗറികളിലേക്കായി 211 അഡ്വൈസ് മെമ്മോകൾ നൽകുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി, മത്സരാധിഷ്ഠിതമാക്കി ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്വകാര്യ കശുവണ്ടി സ്ഥാപനങ്ങളിലെ തൊഴിലുടമ നൽകേണ്ട ഇ.എസ്.ഐ./പി.എഫ്. വിഹിതമായി 20 കോടി രൂപ സർക്കാർ മാറ്റിവയ്ക്കുകയും സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനായി

5 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി കമ്പനികൾ പ്രവർത്തനമൂലധനത്തിനെടുക്കുന്ന വായ്പയുടെ പലിശയുടെ അൻപത് ശതമാനം അതായത് പരമാവധി പത്ത് ലക്ഷം രൂപവരെ സർക്കാർ നൽകും. മുൻവർഷങ്ങളിലെടുത്ത വായ്പകൾ കുടിശ്ശികയുള്ളവർക്ക് പ്രത്യേക OTS വഴി 50 ശതമാനം തുക അടച്ചാൽമതിയെന്ന സ്കീം കൊണ്ടുവന്നതിന്റെ ഭാഗമായി 66 സ്ഥാപനങ്ങളുടെ വായ്പകൾ സെറ്റിൽ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന മുഴുവൻ ഭൂമിയും മാപ്പിങ് നടത്തി സ്വകാര്യ പങ്കാളിത്തത്തോടുകൂടി പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള ശ്രമം നടത്തുന്നതാണ്. കയറിന്റെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനായി പുതിയ ക്ലസ്റ്റർ ആരംഭിച്ച് ഉൽപാദനം മത്സരാധിഷ്ഠിതമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനുള്ള സപ്പോർട്ടിങ് സ്കീമുകൾ നടപ്പാക്കിയിട്ടുണ്ട്. കയർ സൊസൈറ്റികൾക്കുവേണ്ട മാനേജീരിയൽ സബ്സിഡി നൽകുന്നുണ്ട്. ഈ വർഷം 10 കോടിയിലധികം രൂപയുടെ കയർ ഉൽപന്നങ്ങൾ കോർപ്പറേഷൻ കയറ്റുമതി ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാൽ ഈ സാമ്പത്തികവർഷംതന്നെ

കയർ കോർപ്പറേഷനെയും ഫോം മാറ്റിങ്സ് (ഇന്ത്യ) ലിമിറ്റഡിനെയും സംയോജിപ്പിച്ച് ഒറ്റകമ്പനിയാക്കാൻ കഴിയുന്നതാണ്. 33 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുകയും 24 എണ്ണം അനുമതിയുടെ വിവിധ ഘട്ടങ്ങളിലുമാണ്. ഈ സാമ്പത്തികവർഷം 10 ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള കുട്ടനാട് റൈസ് പാർക്കിന് 29.7 കോടി രൂപയുടെ സിവിൽ വർക്സ് അവാർഡ് ചെയ്യുകയും 12¼ കോടി രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയ്ക്ക് 6.63 കോടി രൂപ പ്രവർത്തനമൂലധനമായി നൽകിയിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനുവേണ്ടി പണം അനുവദിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് രൂപീകരിച്ചതിനുശേഷം 78182 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ കേരളം പുറകിലായപ്പോൾ ആക്ഷേപിക്കുകയും ഒന്നാം സ്ഥാനത്തെത്തിയപ്പോൾ അംഗീകരിക്കാൻ വിമുഖത കാണിക്കുകയും ചെയ്യുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്. പ്രതിപക്ഷം വികസന വിരുദ്ധ നിലപാടാണ് സ്വീകരിച്ചുവരുന്നത്. ഭരണ-പ്രതിപക്ഷ ഭേദമന്യേ യോജിച്ച

മുന്നോട്ടുപോയാൽ വൈവിധ്യമാർന്ന സംരംഭങ്ങൾക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനുമുള്ള അന്തരീക്ഷം കെട്ടിപ്പടുക്കാനും കേരളത്തിന് വലിയ മുന്നേറ്റം നടത്താനും സാധിക്കും. 'ഉദ്യം' രജിസ്ട്രേഷനിലെ വർധനവ് നല്ലൊരു ദിശാസൂചകമാണ്. കേരളത്തിലെ 98 ശതമാനം പഞ്ചായത്തുകളിലും സംരംഭകസഭ പൂർത്തീകരിക്കാൻ സാധിച്ചതും American Society for Public Administration-ന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ചതും മലയാളികൾക്ക് അഭിമാനത്തിന് വക നൽകുന്നതാണ്. കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ 197144.82 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചത് ചരിത്ര നേട്ടമാണ്. ഈ നിയമസഭാ സമ്മേളനത്തിനുശേഷം IKGS-ന്റെ ആദ്യ പദ്ധതിക്ക് തറക്കല്ലിടാനും തുടർന്ന് എല്ലാ ജില്ലകളിലും ഓരോ സംരംഭം വീതം ഉദ്ഘാടനം നടത്താനുമാണ് തീരുമാനിച്ചിരിക്കുന്നത്. ലോകോത്തര സംരംഭകർ കേരളത്തിൽ എത്തിയതിൽ അഭിമാനിക്കാവുന്നതും ഭരണ-പ്രതിപക്ഷ ഭേദമന്യേ സംയുക്തമായി മാർക്കറ്റ് ചെയ്താൽ കേരളത്തെ ലോകത്തിലെ പ്രധാനപ്പെട്ട ഒരിടമായി മാറ്റാവുന്നതുമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയും 15-നെതിരെ 53 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.41-ന് പിരിഞ്ഞു.

*******